1368 Y
22/12/14

**കേരള സർക്കാർ**
**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് - അങ്കണവാടി പ്രവർത്തകരുടെ റഗുലർ പരിശീലനത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 745/2014/സാനീവ    തീയതി, തിരുവനന്തപുരം 15.12.2014

---

പരാമർശം: (1) 15.11.2014 -ലെ സാമൂഹ്യനീതി ഡയറക്ടറുടെ ICDS A4-9235/14 നമ്പർ കത്ത്.
(2) 18.11.2014 -ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

അങ്കണവാടി/മിഡിൽ ലെവൽ പരിശീലന കേന്ദ്രങ്ങളുടെ ബഡ്ജറ്റ് കേന്ദ്രസർക്കാർ പുതുക്കി നിശ്ചയിക്കുകയുണ്ടായിയെന്നും പുതുക്കിയ ബഡ്ജറ്റിന് 2013 സെപ്റ്റംബർ മുതൽ പ്രാബല്യം നൽകിയിട്ടുണ്ടെന്നും കേന്ദ്രഗവൺമെന്റ് അംഗീകരിച്ച STRAP (State Training Action Plan) -ൽ നടപ്പു സാമ്പത്തിക വർഷം റഗുലർ പരിശീലനത്തിനായി 692.15 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും 288.37 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും, പുതുക്കിയ ബഡ്ജറ്റ് പ്രകാരം പരിശീലന കേന്ദ്രങ്ങൾക്ക് 135 ലക്ഷം രൂപാ 2013-14 വർഷത്തെ കുടിശ്ശികയിനത്തിൽ നൽകുവാനുണ്ടെന്നും 2014-15 വർഷത്തിലും പഴയ ബഡ്ജറ്റ് പ്രകാരമാണ് സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ് പ്രവർത്തകരുടെ റഗുലർ ട്രെയിനിംഗ് പരിപാടികൾക്കായി പുതുക്കി നിശ്ചയിച്ച ബഡ്ജറ്റ് പ്രകാരം തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതിയും 01.09.2013 മുതലുള്ള കുടിശ്ശിക തുക പരിശീലന കേന്ദ്രങ്ങൾക്ക് നൽകുന്നതിനുള്ള അനുമതിയും നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 18.11.2014 -ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം സ്കീമിന് അനുമതി നൽകുകയും പുതുക്കിയ ബഡ്ജറ്റ് അനുമതിയ്ക്കായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻ പ്രകാരം ഐ.സി.ഡി.എസ്

പ്രവർത്തകരുടെ റഗുലർ ട്രെയിനിംഗ് പരിപാടി കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ച ബഡ്ജറ്റ് പ്രകാരം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
സാമൂഹ്യനീതി(എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**